# പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം – 1227 13/06/2013 ൽ മറുപടിക്ക്

## റോഡുകളുടെ നിലവാരം ഉയർത്താൻ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ. റ്റി. ജോർജ്<br>„ പി. എ. മാധവൻ<br>„ പാലോട് രവി<br>„ ഷാഫി പറമ്പിൽ | **ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി)** |
| (എ) റോഡുകളുടെ നിലവാരം ഉയർത്തുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളും സവിശേഷതകളും എന്തെല്ലാമാണ് ; വിശദമാക്കാമോ ; | (ബി) സംസ്ഥാന റോഡുവികസന പദ്ധതിയിൽ (SRIP) സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി തെരഞ്ഞെടുക്കപ്പെട്ട സ്റ്റേറ്റ് ഹൈവേകളും മേജർ ജില്ലാ റോഡുകളും ഉൾപ്പെടെ 1204 കി.മീ റോഡുകളാണ് റീഹാബിലിറ്റേഷൻ, അപ്ഗ്രഡേഷൻ എന്നീ രണ്ട് പാക്കേജുകളിലായി വികസിപ്പിക്കാൻ ഉദ്ദേശിക്കുന്നത്. റോഡുകൾ അന്താരാഷ്ട്ര നിലവാരത്തിൽ വികസിപ്പിച്ച് ഗതാഗതം കൂടുതൽ സുഗമമാക്കുക, അപകടങ്ങൾ കുറയ്ക്കുക, വർഷം തോറുമുള്ള അറ്റകുറ്റപ്പണികൾ ഒഴിവാക്കുക എന്നിവയാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ. റോഡ്സ് കോൺഗ്രസിന്റെ മാനദണ്ഡങ്ങൾ അനുസരിച്ചാണ് പ്രസ്തുത റോഡുകൾ വികസിപ്പിക്കുന്നത്.<br>കെ.എസ്.ടി.പി.യിൽ ലോക ബാങ്ക് ധനസഹായത്തോടുകൂടി 363 കി.മീ ദൈർഘ്യം വരുന്ന 6 റോഡുകൾ അന്താരാഷ്ട്ര നിലവാരത്തിൽ അപ്ഗ്രേഡ് ചെയ്യുന്നതാണ്. അന്താരാഷ്ട്ര നിലവാരമുള്ള കൺസൾട്ടൻസിയെ കൊണ്ട് വിശദമായ രൂപരേഖ ഉണ്ടാക്കി അതിൻപ്രകാരം നിലവിലുള്ള വളവുകൾ ശാസ്ത്രീയമായി നിവർത്തും. റോഡിന് വേണ്ട എല്ലാ സുരക്ഷാ ക്രമീകരണങ്ങളും ഏർപ്പെടുത്തി അന്താരാഷ്ട്ര നിലവാരത്തിലാണ് റോഡ് നിർമ്മിക്കുന്നത്. |
| (സി) എത്ര കിലോമീറ്റർ റോഡാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; | (സി) 1204 കി.മീ റോഡുകളാണ് SRIP ൽ ഉൾപ്പെടുത്തിയിരിക്കുന്നത്.<br>കെ.എസ്.ടി.പി.യിൽ 363 കി.മീ ദൈർഘ്യം വരുന്ന 6 റോഡുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | ഈ പദ്ധതിയുടെ മതിപ്പചെലവ് എത്രയാണ് ;വിശദമാക്കാമോ ; | (ഡി) | 4684/ കോടി രൂപയാണ് സംസ്ഥാന റോഡ് വികസന പദ്ധതിയുടെ മതിപ്പ ചെലവിനായി പ്രതീക്ഷിക്കുന്നത്. 2403 കോടി രൂപയാണ് കെ.എസ്.ടി.പി. പദ്ധതിയുടെ മതിപ്പ് ചെലവ്. |
| (ഇ) | പദ്ധതി നടപ്പാക്കുന്നതിന് ആരെല്ലാമാണ് ധനസഹായം നൽകുന്നത് ; വിശദമാക്കുമോ ? | (ഇ) | സംസ്ഥാന റോഡ് വികസന പദ്ധതിയുടെ റീഹാബിലിറ്റേഷൻ പാക്കേജ് PPP-ആന്യൂറ്റി രീതിയിലും അപ്ഗ്രഡേഷൻ പാക്കേജ് ഏഷ്യൻ ഡെവലപ്മെന്റ് ബാങ്ക് പോലുള്ള ധനകാര്യ ഏജൻസികളിൽ നിന്നും ധനസഹായം ലഭ്യമാക്കിയുമാണ് വികസിപ്പിക്കാൻ ഉദ്ദേശിക്കുന്നത്. കെ.എസ്.ടി.പി. രണ്ട് പദ്ധതിക്ക് വേണ്ടി ലോക ബാങ്ക് ആണ് ധനസഹായം നൽകുന്നത്. 2403 കോടി രൂപ മതിപ്പ് ചെലവ് കണക്കാക്കുന്ന ഈ പദ്ധതിക്ക് 1166 കോടി രൂപ ലോക ബാങ്ക് ധനസഹായമായും ബാക്കി സംസ്ഥാന സർക്കാരുമാണ് ചെലവാക്കുന്നത്. |

സെക്ഷൻ ഓഫീസർ